ഉത്തരം

(എ) ദേശീയ കുടുംബക്ഷേമപദ്ധതി പ്രകാരം ധനസഹായം ലഭിക്കുവാൻ ശ്രീമതി വസന്ത നെടുമങ്ങാട് താലൂക്ക് ഓഫീസിൽ അപേക്ഷ നല്കിയിരുന്നു. അപേക്ഷയിൽമേൽ ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഫണ്ടിന്റെ അഭാവത്താലാണ് ധനസഹായം നല്കുവാൻ കഴിയാത്തത്.

(സി) ഫണ്ട് ലഭിച്ചാലുടൻതന്നെ ധനസഹായം നല്കുന്നതാണ്.

കാലവർഷക്കെടുതിയെ തുടർന്ന് മാറ്റിപ്പാർപ്പിച്ചവർ

71 (2095) ശ്രീ. ടി. നാണുമാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാലവർഷക്കെടുതിക്ക് ഇരയായ എത്ര കുടുംബങ്ങളെ 2000 ജൂൺ മാസത്തിനുശേഷം മാറ്റിപ്പാർപ്പിച്ചിട്ടുണ്ട് ;

(ബി) കൊല്ലം ജില്ലയിൽ കടലാക്രമണ ഭീഷണി നേരിടുന്ന സ്ഥലങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2000 ജൂൺ മാസത്തിൽ 21 ദുരിതാശ്വാസ ക്യാമ്പുകളിലായി 10,987 കുടുംബങ്ങളെ മാറ്റിപ്പാർപ്പിച്ചിട്ടുണ്ടായിരുന്നു. ജൂൺ മാസത്തിനുശേഷം ആരെയും മാറ്റിപ്പാർപ്പിച്ചിട്ടില്ല.

(ബി) കൊല്ലം ജില്ലയിലെ കൊല്ലം താലൂക്കിലെ ഇരവിപുരം, മുണ്ടയ്ക്കൽ, മയ്യനാട്, കോട്ടപ്പുറം, പരവൂർ, ശക്തികുളങ്ങര, വെസ്റ്റ് കൊല്ലം എന്നീ സ്ഥലങ്ങളും, കരുനാഗപ്പള്ളി താലൂക്കിലെ ആലപ്പാട്, പൽമന എന്നീ സ്ഥലങ്ങളും കടലാക്രമണഭീഷണി നേരിടുന്നു.

സീതത്തോട് ഉരുൾപൊട്ടലിൽ സ്ഥലം നഷ്ടപ്പെട്ടവർക്ക് സ്ഥലം നൽകാൻ നടപടി

72 (2097) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാലുപേർ മരണപ്പെട്ട സീതത്തോട് ഉരുൾപൊട്ടൽ നടന്നിട്ട് എത്രവർഷമായി ;

(ബി) ഇവിടെ വീടും ഭൂമിയും നഷ്ടപ്പെട്ട എത്ര കുടുംബങ്ങൾക്കാണ് സ്ഥലം നൽകാൻ തീരുമാനിച്ചത് എന്ന് വെളിപ്പെടുത്താമോ ;

(സി) ഇതിൽ എത്രപേർക്ക് ഭൂമി നൽകി എന്ന് വെളിപ്പെടുത്താമോ ;

(ഡി) ഇത് സംബന്ധിച്ച നടപടികൾ പൂർത്തിയാക്കാൻ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ ആരെന്ന് വെളിപ്പെടുത്താമോ ;

LIBRARY ARCHIVES Kerala Legislative Assembly